# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 550

11.12.2012 ൽ മറുപടിയ്ക്ക്

## സഹകരണ മേഖലയിൽ ആധുനിക ബാങ്കിംഗ് സൗകര്യം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ; | (എ) സഹകരണ മേഖലയിൽ ത്രിതലത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ട്. സഹകരണ മേഖലിയിൽ നിലവിൽ സംസ്ഥാന സഹകരണ ബാങ്കും, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. മറ്റു ജില്ലാ സഹകരണ ബാങ്കുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആയതുപ്രകാരം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി CBS (കോർ ബാങ്കിംഗ് സൊല്യൂഷൻ) നടപ്പിൽ വരുത്തുന്നതിന് തിരുവനന്തപുരം, കൊല്ലം, കോട്ടയം, വയനാട്, കോഴിക്കോട്, മലപ്പുറം, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലാ സഹകരണ ബാങ്കുകൾ നബാർഡുമായി MOU ഒപ്പുവച്ചിട്ടുണ്ട്. കൂടാതെ പത്തനംതിട്ട, പാലക്കാട്, കണ്ണൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ സ്വന്തം നിലയിൽ കോർ ബാങ്കിംഗ് നടപ്പിലാക്കി വരികയാണ്. |

| | |
|---|---|
| (ബി) എന്തെല്ലാം ആധുനിക ബാങ്കിംഗ് സംവിധാനങ്ങളാണ് ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്; | (ബി) പ്രധാനമായും നെറ്റ് ബാങ്കിംഗ്, എ.ടി.എം. ആർ.ടി.ജി.എസ്, എൻ.ഇ.എഫ്.റ്റി, മുതലായ സേവനങ്ങൾ ഉൾപ്പെടുന്ന കോർ ബാങ്കിംഗ് സിസ്റ്റമാണ് സഹകരണ മേഖലയിൽ ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നത്. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ? | (സി) സഹകരണ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം, ആധുനിക ബാങ്കിംഗ് സൗകര്യം എന്നിവ നടപ്പിലാക്കുന്നത് സംബന്ധിച്ച് 10.08.2010 ൽ സ.ഉ (സാധാ) നം. 524/2010/സഹ നമ്പരായും 03.08.2010 ൽ സ.ഉ (സാധാ) നം. 508/2010/സഹ നമ്പരായും സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകളിൽ ആധുനിക ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ